**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.8114 17.07.2014-ൽ മറുപടിക്ക്**

**ഡെന്റൽ സർജന്മാരുടെ നിയമനം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.റ്റി.വി.രാജേഷ്** | **ശ്രീ.വി.എസ്.ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് എത്ര താലൂക്ക് ആശുപത്രികളും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളും നിലവിലുണ്ട്; | (എ) സംസ്ഥാനത്ത് 78 താലൂക്ക് ആശുപത്രികളും 230 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളും നിലവിലുണ്ട്. |
| (ബി) സംസ്ഥാനത്ത് ഡെന്റൽ സർജന്മാരുടെ എത്ര തസതികകളാണ് നിലവിലുള്ളത്; | (ബി) സംസ്ഥാനത്ത് ആരോഗ്യ വകുപ്പിന്റെ കീഴിൽ ഡന്റൽ സർജന്മാരുടെ 105 തസ്തികകളാണ് നിലവിലുള്ളത്. |
| (സി) എല്ലാ താലൂക്ക് ആശുപത്രികളിലും ഡെന്റൽ സർജന്മാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |
| (ഡി) നിലവിലുള്ള പി.എസ്.സി ലിസ്റ്റിൽ നിന്നും എത്ര ഡെന്റൽ സർജന്മാരെ നിയമിച്ചിട്ടുണ്ട്; നിലവിലുള്ള ഒഴിവുകളിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) നിലവിലുള്ള ഡന്റൽ അസിസ്റ്റന്റ് സർജൻ തസ്തികയിലുള്ള പി.എസ്.സി ലിസ്റ്റിൽ നിന്നും ഇതുവരെ 35 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. ഒഴിവുള്ള തസ്തികകളിൽ പി.എസ്.സി-ൽ നിന്നും നിയമനശുപാർശ ലഭിച്ചിട്ടുള്ളവരെയും പഠനാവശ്യത്തിന് ജോയിനിംഗ് എക്സ്റ്റൻഷൻ വാങ്ങിയിട്ടുള്ളവരെയും നിയമിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ